No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## 2019-ലെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം: നീറ്റ് ഫലം ഓൺലൈനായി സമർപ്പിക്കുന്നതിനും പുതുതായി മെഡിക്കൽ കോഴ്സിലേക്ക് അപേക്ഷയ്ക്കുന്നതിനും കോഴ്സ് കൂട്ടിച്ചേർക്കുന്നതിനും അവസരം

2019–20 അധ്യയന വർഷം കേരളത്തിലെ സർക്കാർ മെഡിക്കൽ/ ഡെന്റൽ കോളേജുകളിലെ സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലെയും, സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട/ മൈനോറിറ്റി ക്വാട്ട ഉൾപ്പെടെയുള്ള മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലെയും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഓൾ ഇന്ത്യാ ക്വട്ട സീറ്റുകളിലെയും പ്രവേശനം NTA ലഭ്യമാക്കിയിട്ടുള്ള **'നാഷണൽ എലിജിബിലിറ്റി–കം–എൻട്രൻസ് ടെസ്റ്റ് [നീറ്റ് ˘ (യു.ജി.)–2019]'** സ്കോറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഏകീകൃത കൗൺസലിംഗ് വഴിയായിരിക്കും നടത്തുന്നത്. കൂടാതെ ആയുർവേദം [BAMS], ഹോമിയോപ്പതി [BHMS], സിദ്ധ [BSMS], യുനാനി [BUMS] എന്നീ മെഡിക്കൽ കോഴ്സുകളിലേയും, അഗ്രികൾച്ചർ [BSc (Hons) Agri], ഫോറസ്ട്രി [BSc (Hons) Forestry], വെറ്ററിനറി [BVSc & AH], ഫിഷറീസ് [BFSc] എന്നീ അനുബന്ധ കോഴ്സുകളിലേയും പ്രവേശനം **നീറ്റ് (യു.ജി)–2019** സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ആയിരിക്കും. **<u>കേരളത്തിലെ എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവ്വേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനത്തിനായുള്ള സംസ്ഥാന റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിലേയ്ക്ക് വിദ്യാർത്ഥികൾ അവരവരുടെ നീറ്റ് (യു.ജി)–2019 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺ ലൈനായി സമർപ്പിക്കേണ്ടതാണ്.</u>** കൂടാതെ **KEAM 2019**-ൽ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി എന്നിവയിലേതെങ്കിലും കോഴ്സുകൾക്ക് ഇതിനോടകം അപേക്ഷ സമർപ്പിക്കുകയും എന്നാൽ മെഡിക്കൽ കോഴ്സുകൾ തിരഞ്ഞെടുക്കാൻ വിട്ടുപോകുകയും ചെയ്ത അപേക്ഷകർക്ക് ആവശ്യമുള്ള പക്ഷം മെഡിക്കൽ കോഴ്സുകൾ നിലവിലെ അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനും അവസരം ലഭ്യമാണ്. മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിന് സംസ്ഥാന റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിലേയ്ക്കായി **നീറ്റ് (യു.ജി)–2019** ഫലം പ്രവേശന പരീക്ഷാകമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനും അതോടൊപ്പം നീറ്റ് (യു.ജി)–2019 പരീക്ഷയിൽ യോഗ്യത നേടിയെങ്കിലും അപേക്ഷയിൽ മെഡിക്കൽ കോഴ്സുകൾ തിരഞ്ഞെടുക്കാൻ വിട്ടുപോയവർക്ക് മെഡിക്കൽ കോഴ്സുകൾ അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനും **2019 ജൂൺ 16 മുതൽ 21 വൈകുന്നേരം 5 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിൽ സൗകര്യം ലഭ്യമാകുന്നതാണ്.

നീറ്റ് (യു.ജി)–2019–ൽ യോഗ്യത നേടുകയും എന്നാൽ കേരളത്തിൽ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്തവർക്ക് **16.06.2019 മുതൽ 19.06.2019 വൈകുന്നേരം 3 മണിവരെ** ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പുതുതായി അപേക്ഷ സമർപ്പിക്കുന്നവർക്ക് **20.06.2019 മുതൽ 21.06.2019 വൈകുന്നേരം 5 മണിവരെ** മാത്രമായിരിക്കും നീറ്റ് ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാൻ അവസരം ലഭ്യമാകുന്നത്.

<u>നിശ്ചിത സമയത്തിനകം നീറ്റ് പരീക്ഷാ ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കാത്ത അപേക്ഷകരെ 2019–ലെ മെഡിക്കൽ കോഴ്സുകളിലേയ്ക്കും അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നതല്ല.</u>

### I. <u>മെഡിക്കൽ/ അനുബന്ധ കോഴ്സുകളിൽ പ്രവേശനത്തിനായി ഇതിനോടകം അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ</u>

സംസ്ഥാനത്തെ മെഡിക്കൽ/ അനുബന്ധ കോഴ്സുകളിൽ പ്രവേശനത്തിനായി ഇതിനോടകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **KEAM 2019**-ലൂടെ അപേക്ഷകൾ സമർപ്പിക്കുകയും, **NTA** നടത്തിയ **നീറ്റ് (യു.ജി)–2019** പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുകയും ചെയ്ത വിദ്യാർത്ഥികൾ അവരുടെ **നീറ്റ്**

(യു.ജി)–2019 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **KEAM 2019-Candidate Portal**–ൽ ആപ്ലിക്കേഷൻ നമ്പരും, പാസ്സ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച് **'NEET Result Submission'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്യുക. അതിനു ശേഷം നീറ്റ് (യു.ജി)–2019 റോൾ നമ്പർ, നീറ്റ് (യു.ജി)–2019 ആപ്ലിക്കേഷൻ നമ്പർ, **NEET-UG- 2019**-ൽ നൽകിയിട്ടുള്ള ജനനത്തീയതി എന്നിവ നൽകിയാൽ അപേക്ഷകന്റെ ഫോട്ടോ, പേര് എന്നിവയും നീറ്റ് (യു.ജി) –2019 സ്കോർ, നീറ്റ് പെർസന്റയിൽ, നീറ്റ് ആൾ ഇന്ത്യാ റാങ്ക് തുടങ്ങിയവ ദൃശ്യമാകുന്നതാണ്. അപേക്ഷകന്റെ വിവരങ്ങളും നീറ്റ് ഫലം സംബന്ധിച്ച വിവരങ്ങളും പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടാൽ **'Verified and Submit'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് നീറ്റ് ഫലം സമർപ്പിക്കാവുന്നതാണ്. **'Verified and Submit'** എന്ന ബട്ടൺ ക്ലിക്ക് ചെയ്താൽ മാത്രമെ നീറ്റ് ഫലം സമർപ്പിക്കുന്ന പ്രക്രിയ പൂർത്തിയാകുകയുള്ളൂ. തുടർന്ന് **'NEET Result Submission Report'** ക്ലിക്ക് ചെയ്ത് പ്രിന്റൗട്ട് എടുത്ത് വിദ്യാർത്ഥി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകർ **NEET Result Submission Report, NEET Result Sheet** എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കേണ്ടതോ അപ്‌ലോഡ് ചെയ്യേണ്ടതോ ഇല്ല.

## II. KEAM 2019 അപേക്ഷയിൽ മെഡിക്കൽ കോഴ്സുകൾ തിരഞ്ഞെടുക്കാൻ വിട്ടുപോയവർ:

**KEAM-2019**–ലൂടെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി എന്നിവയിലേതെങ്കിലും കോഴ്സിന് അപേക്ഷ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത അപേക്ഷയിൽ മെഡിക്കൽ കോഴ്സുകൾ തിരഞ്ഞെടുക്കാൻ വിട്ടുപോകുകയും ചെയ്ത അപേക്ഷകർ മെഡിക്കൽ കോഴ്സുകൾ പ്രസ്തുത അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിന് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **KEAM 2019-Candidate Portal** ൽ ആപ്ലിക്കേഷൻ നമ്പരും, പാസ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച് **'Add Course'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് മെഡിക്കൽ കോഴ്സുകൾ തിരഞ്ഞെടുക്കാവുന്നതാണ്. തുടർന്ന് ഹോം പേജിലെ **'NEET (UG)-2019 Result Submission'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് നീറ്റ് (യു.ജി)–**2019** റോൾ നമ്പർ, നീറ്റ് (യു.ജി)–**2019** ആപ്ലിക്കേഷൻ നമ്പർ **NEET 2019**-ൽ നൽകിയിട്ടുള്ള ജനനത്തീയതി എന്നിവ നൽകിയാൽ അപേക്ഷകന്റെ ഫോട്ടോ, പേര് എന്നിവയും **NEET (UG)-2019**-ലെ സ്കോർ, നീറ്റ് പെർസന്റയിൽ, നീറ്റ് (യു.ജി)–2019 ആൾ ഇന്ത്യാ റാങ്ക് എന്നിവയും ദൃശ്യമാകുന്നതാണ്. അപേക്ഷകന്റെ വിവരങ്ങളും നീറ്റ് ഫലം സംബന്ധിച്ച വിവരങ്ങളും പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടാൽ **'Verified and Submit'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് നീറ്റ് ഫലം സമർപ്പിക്കേണ്ടതാണ്. **'Verified and Submit'** എന്ന ബട്ടൺ ക്ലിക്ക് ചെയ്താൽ മാത്രമെ നീറ്റ് ഫലം സമർപ്പിക്കുന്ന പ്രക്രിയ പൂർത്തിയാകുകയുള്ളൂ. തുടർന്ന് **'NEET Result Submission Report'** ക്ലിക്ക് ചെയ്ത് പ്രിന്റൗട്ട് എടുത്ത് വിദ്യാർത്ഥി സൂക്ഷിക്കേണ്ടതാണ്.

## III. പുതുതായി മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള അപേക്ഷ സമർപ്പണം:

നീറ്റ് യു.ജി 2019–ൽ യോഗ്യത നേടി കേരളത്തിലെ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് KEAM 2019–ൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കാത്ത വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും NEET-UG ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നൽകുന്നതിനും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ സാധ്യമാണ്. പ്രസ്തുത വിദ്യാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസരം **16.06.2019 മുതൽ 19.06.2019 വൈകുന്നരം 3 മണി വരെ** മാത്രമേ ലഭ്യമാകുകയുള്ളൂ. ഓൺലൈൻ അപേക്ഷ സമർപ്പണത്തിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച ശേഷം അവരുടെ **നീറ്റ് (യു.ജി)–2019** ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിനായി **20.06.2019 മുതൽ 21.06.2019 വൈകുന്നേരം 5 മണിവരെ** **www.cee.kerala. gov.in** എന്ന വെബ്സൈറ്റിലൂടെ സാധ്യമാണ്. അപേക്ഷാർത്ഥികൾ **KEAM 2019-Candidate Portal**–ൽ ആപ്ലിക്കേഷൻ നമ്പരും, പാസ്സ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച് **'NEET Result Submission'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്യുക. അതിനുശേഷം നീറ്റ് (യു.ജി)–2019 റോൾ നമ്പർ, നീറ്റ് (യു.ജി)–2019 ആപ്ലിക്കേഷൻ നമ്പർ, **NEET 2019**-ൽ നൽകിയിട്ടുള്ള ജനനത്തീയതി എന്നിവ നൽകിയാൽ അപേക്ഷകന്റെ ഫോട്ടോ, പേര് എന്നിവയും നീറ്റ് (യു.ജി) –2019 സ്കോർ, നീറ്റ് പെർസന്റയിൽ, നീറ്റ് ആൾ ഇന്ത്യാ റാങ്ക് തുടങ്ങിയവ ദൃശ്യമാകുന്നതാണ്. അപേക്ഷകന്റെ വിവരങ്ങളും നീറ്റ് ഫലം സംബന്ധിച്ച വിവരങ്ങളും പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടാൽ **'Verified and Submit'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് നീറ്റ് ഫലം സമർപ്പിക്കാവുന്നതാണ്. **'Verified and Submit'** എന്ന ബട്ടൺ ക്ലിക്ക് ചെയ്താൽ മാത്രമെ നീറ്റ് ഫലം സമർപ്പിക്കുന്ന പ്രക്രിയ പൂർത്തിയാകുകയുള്ളൂ. തുടർന്ന് **'NEET Result**

**Submission Report'** ക്ലിക്ക് ചെയ്ത് പ്രിന്റൗട്ട് എടുത്ത് വിദ്യാർത്ഥി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകർ **NEET Result Submission Report, NEET Result Sheet** എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കേണ്ടതോ അപ്‌ലോഡ് ചെയ്യേണ്ടതോ ഇല്ല.

പുതുതായി അപേക്ഷ സമർപ്പിക്കുന്നവർ ഒഴികെയുള്ള അപേക്ഷകർക്ക് മെഡിക്കൽ കോഴ്സുകളിലെയും, അനുബന്ധ കോഴ്സുകളിലെയും പ്രവേശനത്തിനുള്ള സംസ്ഥാന റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുന്നതിനായി അവരുടെ നീറ്റ് പരീക്ഷാ ഫലം സമർപ്പിക്കുന്നതിനും, ഇതിനോടകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ള **KEAM-2019** അപേക്ഷയിൽ മെഡിക്കൽ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും **16.06.2019** മുതൽ **21.06.2019 വൈകുന്നേരം 5 മണി വരെ** മേൽ വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കും. നിലവിലെ അപേക്ഷയിൽ മെഡിക്കൽ കോഴ്സുകൾ കൂട്ടിച്ചേർക്കുന്ന അപേക്ഷകർ ബാധകമാകുന്ന അപേക്ഷാ ഫീസ് ഓൺലൈനായി മാത്രം ഒടുക്കേണ്ടതാണ്.

2019–20 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in**, **www.cee-kerala.org** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാക്കിയിട്ടുള്ളത് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103, 2339104(10 am-5pm).**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
16.06.2019